
Vol. 1, Issue 3, September 2023

# കഥക്കൂട്ടം...
# കവിതക്കൂട്ടം...




**Published by**
**St. Michael's College Library, Cherthala**

# ഒതളങ്ങ..... തണലോ.........

ക്രിസ്റ്റിൻ തോമസ് (III ബി.എ. ഇക്കണോമിക്സ്)

താടിതടവി നീട്ടി ഒരു ഏമ്പക്കവും വിട്ട് ജെയിംസ് നടുവൊന്നു നിവർത്തി. വെള്ളം പരതിയ കൈകളിൽ മേരി മൊന്ത കൊടുത്തു. നിവർന്നു നിന്ന് മുണ്ടു മടക്കി നീട്ടി വീണ്ടും ഒരു ഏമ്പക്കം വിട്ട് ജെയിംസ് മുറ്റത്തോട്ട് നടന്നു. നല്ല തണുത്ത അന്തരീക്ഷം അവൻ കൈക്കുമ്പിളിൽ വെള്ളമെടുത്ത് വായ് കൊപ്ലിച്ചു, ഒരു മൂന്നോ നാലോ വട്ടം. പിന്നെ മുല്ലച്ചെടിയിൽ തുപ്പി. സ്തൂ.. ശേഷം ഒരു കവിള് കൂടി എടുത്തു. പിന്നെ കൊപ്ലിച്ചോണ്ട് വടക്കൊട്ട് നീങ്ങി. ഒരു പത്തു പന്ത്രണ്ടടി വെച്ചുകാണും. അവിടെയാ വടക്കീന്ന് ഒരിച്ചിരി കിഴക്കോട്ട് നോക്കിയിരിക്കുന്ന ഒതളമരം. നമ്മുടെ ജെയിംസിന്റെ കൂട്ടുകാരൻ. മൂപ്പർക്ക് നല്ല പ്രായമുണ്ട്, പക്ഷെ ചെറുപ്പമാ. കൊച്ചുനാൾ തൊട്ടേ ജയിംസിന്റെ കൂട്ടാ. അവനാണെങ്കിൽ കുട്ടക്കാലത്ത് വല്ല്യകൂട്ടൊന്നും ഇല്ലായിരുന്നല്ലോ. അങ്ങനെ കിട്ടിയകൂട്ടാ. ജെയിംസ് എന്നും സംസാരിക്കുമായിരുന്നു. ഒരു മനുഷ്യനോടെന്നപോലെ. എന്റെ ചെക്കന് വട്ടാകുമോയെന്ന് അമ്മയ്ക്ക് വല്ല്യ ഭയമായിരുന്നു. എങ്ങനെയാണ്, ആരോഗ്യമില്ലാത്ത അവസ്ഥയിലും ആ സ്ത്രീ രണ്ടാം കുഞ്ഞിനോങ്ങിയേ.. ഭർത്താവ് തടഞ്ഞോ––– ഇല്ല. അതിന് തന്റെ അവസ്ഥ പെണ്ണ് പറയണ്ടേ. അവൾ നൊന്തുപെറ്റു. കൂട്ടിട്ട് ആ വഴി പോയി . പൊടികുഞ്ഞ്, ആരുനോക്കാൻ, അയാൾക്ക് പണിക്ക് പോകേണ്ടെ, അവസാനം ഒരു വഴി കണ്ടു. തന്റെ പെങ്ങളുടെ ചേട്ടന് മക്കളില്ല. അവർക്ക് ദത്തു കൊടുത്തു. ഇവിടെക്കിടന്ന് ചാവുന്നതിലും ഭേദം അതല്ലെ. അയാൾ സ്വയം ആശ്വസിച്ചു. അങ്ങനെ തന്റെ ആദ്യജാതന് ഒരു കൂട്ടു തേടിയ അമ്മ മോന്റെ ആദ്യ കൂട്ടിനെ ഊട്ടിഉറപ്പിച്ചതുപോലെയായി. ആ വഴി തുടങ്ങിയ ബന്ധമാണ് ജയിംസിന് ആ ഒദളമരത്തോട്. അതിപ്പം സങ്കടം വന്നാലും സന്തോഷം വന്നാലും ശരി ആ മരച്ചുവട്ടിൽ പോയൊന്നു നിൽക്കണം. അത് നിർബന്ധം. കാറ്റായും ഇലയായും തണലായും പൂവിട്ടും കായിട്ടും കമ്പിട്ടും ഒക്കെ തന്നോട് അവൻ സംസാരിക്കുമെന്നാ ജെയിംസിന്റെ വാദം. സത്യമാണോ എന്തോ- ആ ആർക്കറിയാം. ആ മരം പല തവണ വെട്ടാൻ തന്ത നോക്കിയതാ ജെയിംസ് സമ്മതിക്കുമോ. ആദ്യം എന്റെ തല പിന്നെ മരം. ഒടുക്കത്ത വാശി എപ്പോഴും അതിനുവഴങ്ങുകയേ പലർക്കും നിവർത്തി ഉണ്ടായുള്ളൂ. പതിയെ ഒതളം വെട്ടാം എന്ന നീക്കം പലരും ഉപേക്ഷിച്ചു. നാളുകളെത്ര കടന്നു ജെയിംസ് കെട്ടി. അവന്റെ തന്തയും ചത്തു. അവന് മക്കളുമായി, അവന്റെ മക്കൾക്കും മക്കളായി. എന്നിട്ടും ഈ ഒരു കൂട്ടിനു മാത്രം ഒരേനക്കേടും വന്നില്ല. ഭാര്യ മേരിക്ക് ആദ്യം ഒരസ്വസ്ഥതയായി

രുന്നെങ്കിലും പതിയെ ശീലമായി. അവളും ആക്കൂട്ടിനെ അംഗീകരിച്ചു. വേറെ ശല്യമില്ലല്ലോ. കാലം കടന്നതാ വിനയായെ, ചുറ്റുവട്ടത്തെല്ലാം വീടുകളായ ലോ. മുന്നിലും പിന്നിലും അപ്പുറത്തും ഇപ്പുറത്തും. അങ്ങനെ ആ നാടേ മാറിപ്പോയില്ലേ. ഒരുവീട്ടിൽ തന്നെ പന്ത്രണ്ടിനു മേളിലാ അംഗങ്ങൾ. അതിൽ പകുതിയും കുട്ടികൾ, എല്ലാം നശൂലങ്ങളാ ഭ്രാന്തൻന്മാർ. അങ്ങനേ ജയിംസ് പറയൂ, കാരണം ജെയിംസ് ഇല്ലാത്തപ്പോൾ അവന്റെ മരത്തിൽ കേറി കമ്പൊടിച്ചും ഇലയറുത്തും തണ്ണിക്കായ് തല്ലിയിട്ടുമൊക്കെ പിള്ളേർ രസിച്ചിരുന്നു. കണ്ണിനു കണ്ടാൽ തല്ലിയോടിക്കാൻ ഒരു പരിത്തിവടിവെട്ടി ഒരുമൂലയ്ക്ക് പാത്തുവെച്ചിരുന്നു. കൈവക്കിന് കിട്ടിയില്ലെങ്കിൽ കഷ്ടായി. പിള്ളേരോട് ഓടി മണ്ടലെ തണ്ണിക്കായ് പെറുക്കിയെറിയാനും ജെയിംസിന് ഒരു മടിയുമില്ലായിരുന്നു. ഇങ്ങനെ ഒരു സാഹചര്യത്തിലാ ജെയിംസിനെകണ്ട് പേടിച്ചോരുത്തൻ മരത്തിൽ നിന്ന് താഴെ വീണ് കയ്യോടിഞ്ഞത്. അത് വല്ല്യ വിപത്തായി. തന്തേം, തള്ളേം നട്ടാരേയും കൂട്ടി വീട്ടുപടിക്കലെത്തി പുകിലാക്കി. അവർക്കെല്ലാം അയാളോട് പുച്ഛമായിരുന്നു. ഇങ്ങനെ ഒരവസരം കാത്തിരിക്കുകയായിരുന്നു. കൊറേ നാളായി അയാളും അയാളുടെ തണ്ണി മരവും. ഞങ്ങളുടെ മക്കൾക്ക് ഇവിടെ പേടിക്കാതെ ജീവിക്കെണ്ടേ.. അവർ കളിച്ച് വളരേണ്ട പ്രായമല്ലേ. ആ മരമാ എല്ലാറ്റിനും കാരണം. ഇടയ്ക്ക്കയറി ആരോ പറഞ്ഞു. അതേ അത് വെട്ടിക്കളഞ്ഞാൽ മതി, അയാളുടെ കഴപ്പ് തീർന്നോളും. നാട്ടുകാർ ഏറ്റുപിടിച്ചു. ഞാൻ ആ ഔസേപ്പ്മുതലാളിനെ ഒന്ന് വിളിക്കട്ടെ. കൂട്ടത്തിലെ പത്രാസുകാരൻ ഫോണെടുത്തു. ജെയിംസ് ഒന്നു നടുങ്ങിപ്പോയി. നിർഭാഗ്യവശാൽ മരം നിൽക്കുന്ന ആ സ്ഥലം ജെയിംസിന്റെ തന്ത പ്രവാസിയായ ഔസേപ്പിനു വിറ്റിരുന്നു. അല്ലായിരുന്നെങ്കിൽ ഈ നായ്ക്കളെ ഇവിടെനിന്ന് കുരയ്ക്കുവാൻ അയാൾ അനുവദിക്കില്ലായിരുന്നു. നാട്ടാർക്കറിയാം ഇയാളും മരവും തമ്മിലുള്ള ബന്ധം. പ്രതികരിച്ചില്ലേൽ ഇനി അപകടമാണെന്ന് മനസ്സിലാക്കിയ ജെയിംസ് സൗമ്യതയിലെത്തി. നമുക്ക് മരം മുറിക്കണോ. തെറ്റ് മുഴുവൻ എന്റെ ഭാഗത്താണ്. ആ പാവത്തിനെ എന്തിനാ ദ്രോഹിക്കുന്നേ. ഞാൻ ദേ ഇന്നുമുതൽ ഒരു പ്രശ്നവും ഉണ്ടാ



ക്കില്ല. കുട്ടികളെല്ലാം സന്തോഷത്തോടെ കളിച്ചോട്ടെ. ഹ വിട്ടുകളയെന്നേ ആ മരം അവിടെ തന്നെ നിൽക്കട്ടെ. അതവിടെ ഇണ്ടേലെ നല്ല തണലാ . നല്ല കാറ്റും കിട്ടും. പിള്ളേർക്ക് വെയിലുകൊണ്ടുള്ള ഏനക്കേടൊന്നും ഉണ്ടാകത്തില്ല. ഹ ഒരുതവണ ക്ഷമിച്ചേരെന്നേ.... ഏത്. എല്ലാവരും ഒന്നു നിശബ്ദരായി. എന്നാലും അത് ഇന്നു തന്നെ വെട്ടിക്കളയണമെന്ന ചിന്തയിലല്ലെ നാട്ടുകാരാ മുറ്റത്ത് കൂടിയേ. അവർക്ക് പിൻമ്മാറാനൊരു വൈക്ലബ്യം. അവർ മുഖത്തോട് മുഖം നോക്കി പിറുപിറുത്തോണ്ടിരുന്നു.

അത് പറ്റില്ല ജെയിസേട്ടാ...ഒരുസ്ത്രീയുടെ ശബ്ദമുയർന്നു. നേരെ വടക്കേലെ ചന്ദ്രിക. ഉം.. എന്താ എല്ലാവരും മൂളി . ഞാൻ ഇതു വെട്ടുന്ന കാര്യം ഔസേപ്പുമൊതലാളിയോട് പറയാനിരുന്നതാ. ഇന്നാളേ എന്റെ മോള് അതീന്നോരു തണ്ണിക്കായ് പൊട്ടിച്ചോണ്ട് വന്നു. ങ്ഹേ.. തണ്ണിക്കായോ..... പിന്നീടേറ്റുപിടുത്തമായി. അതേ ഈ വലിപ്പമുള്ള മുഴുത്തൊരെണ്ണം. കൈ രണ്ടും കൂട്ടിപ്പിടിച്ച് ഒരു കുമ്പിൾ പരുവത്തിലാക്കി അവൾ വീണ്ടും തുടർന്നു. ഞാൻ അലക്കുനിർത്തി കഞ്ഞിവെന്താന്ന് നോക്കാൻ അടുപ്പുപെരേലോട്ട് പോയതാ, എന്റെ ഭാഗ്യം.. ദൈവാ.. അവിടെ എന്നെ എത്തിച്ചേ. എന്റെ കുഞ്ഞ് തണ്ണിക്കായ് കടിക്കണ്. എന്റെ നല്ലജീവൻ പോയി. ഞാൻ ഡീ..... എന്ന് വിളിച്ച് ഓടിച്ചെന്നപ്പോഴേയ്ക്കും ഓളത് താഴെയിട്ടു. ഇല്ലായിരുന്നേൽ എന്റെ കുഞ്ഞ് വെഷം തീണ്ടി ചത്തേനേ... എന്തൊരു വലിയ കാര്യമാ നീ ഇത് ഇപ്പോഴാണോ പറയുന്നേ. രാധാമണി ഭയം കലർന്ന സ്വരത്തിൽ ശബ്ദിച്ചു. ങ്ഹേ... ഇതെങ്ങനെ ചന്ദ്രികപ്പെണ്ണും രാധയും തമ്മിൽ വല്ല്യലോഹ്യത്തിലായിരുന്നില്ലല്ലോ. പിന്നെന്താ പെട്ടെന്നിങ്ങനെ..... മേരി ചിന്താവിഷ്ടയായി. ഹോ.. ഇതുപോലുള്ളോരു ആളെക്കൊല്ലി മരം. നമുക്കിനി ഇതിനെ ഇവിടെ വെച്ചുപൊറുപ്പിക്കാൻ പാടില്ല. രാധ പിന്നെയും ചന്ദ്രികയ്ക്കായി ചിലച്ചു. അതേ കുട്ടികളുടെ കാര്യമാ, അപകടം എടുക്കുവാൻ പറ്റൂല്ല. നാട്ടുകാർ ഏറ്റു. ഇതുവരെ തന്റെ കൂട്ടുകാരനുവേണ്ടി ജെയിംസ് സംസാരിച്ചതൊക്കെ വെറും ജല്പ്പനമായി മാറി. അയാൾ വിങ്ങിപൊട്ടിപ്പൊയി. ആണല്ലേ, കരയാൻപറ്റുമോ. ഉള്ളുകടിച്ചു അയാൾ നിന്നു. ആ ഉരുകുന്ന നൊമ്പരം മേരിക്കുപൊലും മനസ്സിലായില്ല. പിന്നല്ലേ നാട്ടാർക്ക്. പത്രാസുകാരന് ഇരിക്കപ്പൊറുതി ഇളകി. അയാൾ ഫോണെടുത്ത് ഔസേപ്പുമൊതലാളിക്ക് കറക്കി സ്പീക്കറിലിട്ടു. ഹലോ... ഔസേപ്പേട്ടാ വളരെ ഗൗരവമുള്ള കാര്യമാണ്. ഈ നാട്ടിലെ കുട്ട്യോൾക്കെല്ലാം മരണത്തിനുവരെ കാരണമാകുന്ന ഒരു വല്ല്യ വിഷമാണ് ഇങ്ങളുടെ പറമ്പിൽ വളർന്നു നിൽക്കുന്നത്. നീ എന്താണീ പറയുണത് ഔസേപ്പ് തിരിച്ചു ചേദിച്ചു. നിങ്ങളുടെ പറമ്പില്ലേ ..ങ്ങാ.. അതിലെ ഒതളങ്ങാമരത്തിന്റെ കാര്യമാണീ പറയണത്. ഏത് ആ ജെയിംസിന്റെ വീടിന്റെ വടക്കുഭാഗത്തെയോ, ഹ്ങാ... അതുതന്നെ. എടാ അതു ഞാൻ വേറൊരുകൂട്ടർക്ക് വിറ്റല്ലോ. ങ്ങാ.. ഇങ്ങളുത് വിറ്റോ കഷ്ടായിപ്പോയി, നല്ലപറമ്പായിരുന്നല്ലോ. ആരുനോക്കാനാ

ഇതൊക്കെ വെറുതെപോകത്തേയുള്ളൂ  അതാ വിറ്റേ. ഹ... നിങ്ങൾ കെടന്ന് സൊറപറയാതെ, കാര്യം തിരക്ക് നാട്ടാർ പിന്നേയും എടപെട്ടു.  അപ്പോ ഇനി എന്തുചെയ്യും ഔസേപ്പുചേട്ടാ.. എന്താ അവിടത്തെ പ്രശ്നം. അത് വെട്ടണം. വെഷാ, അത്രതന്നെ. അത്രേ ഉള്ളോ.  അത് വെട്ടിക്കോ. അല്ലേ ത്തന്നെ അത് പോയാൽ ഇപ്പോ ആരറിയാനാ ഹഹ.. പിന്നെ ഒരു കാര്യം പറയാനുണ്ടായിരുന്നു. ഞാൻ കുറച്ചുകഴിഞ്ഞങ്ങ് വിളിക്കാം ഇപ്പോവെക്കു വാണേ.  അയാൾ കോൾ കട്ട്ചെയ്ത് പോക്കറ്റിൽ കേറ്റി. കേട്ടല്ലോ അത് വെട്ടിക്കളയാൻ പറഞ്ഞു.  ഇനി എന്തിനാ കാക്കുന്നേ.  ഇപ്പംതന്നെ അത് വെട്ടിയേക്കാം. നാട്ടുകാർ മരത്തിനു മുന്നോട്ടു കുതിച്ചു.  ജെയിംസ് മരത്തി നടുത്തേക്കോടി. നിക്കിനെടാ നാശങ്ങളേ. ഇത് വെട്ടാൻ ഞാൻ സമ്മതി ക്കൂല. അയാൾ മരത്തെകെട്ടിപ്പിടിച്ച് തേങ്ങി.  ഇതെന്റെ സുഹൃത്താ ഉറ്റസു ഹൃത്ത്. എന്ത് ഭ്രാന്താ.. ഇയാളീ കാണിക്കണേ.  പിടിച്ച് മാറ്റ്.  വയസാംകാ ലത്തെ ഓരോവട്ടേ,  അയാൾക്കൊരു അരപ്പിരിലൂസാണെന്ന് പണ്ടുതൊട്ടേ പറയണതാ, ആ മേരിചേച്ചിയെ സമ്മതിക്കണം. നാട്ടാരിങ്ങനെ മറഞ്ഞും തെളിഞ്ഞും ഓരോന്നും പറഞ്ഞ് ബഹളം കൂട്ടി. എന്റെ പൊന്നു മേരിചേച്ചി നാണക്കേടാ ഒന്ന് ചെന്ന് പിടിച്ചു മാറ്റ്. ബന്ധുവും അയൽവാസിയുമായ സൂസൻ പറഞ്ഞു.  അവസാനം നാട്ടുകാർ ബലം പ്രയോഗിക്കുംഎന്നായ പ്പോൾ മേരി ഇടപെട്ടു.  അവൾ അയാളുടെ കൈക്ക് പിടിച്ചു പൊന്നു മനുഷ്യാ നീങ്ങളിങ്ങുവന്നേ, അതു നമ്മുടെ മുതലൊന്നുമല്ല.  നീ പോടീ ഇതെന്റെ മാത്രം, എന്റേതുമാത്രം.  അയാൾ തല്ലാൻ കൈ ഓങ്ങി.  മേരിചേച്ചിയുടെ ഇടപെടൽ കഴിഞ്ഞതോടെ നാലഞ്ചുപേർ ചേർന്ന് ജെയിംസിനെ ബല ത്തിലെടുത്ത് കിഴക്കോട്ട് നടന്നു.  എന്നെ താഴെയിറക്കടാ നായ്ക്കളെ അയാൾ അലറി. അവർ ഒന്നുകൂടെ ബലം പിടിച്ചു നടന്നു. എന്നെ ഒന്ന് താഴെയിറക്കടാ അയാൾ കെഞ്ചി. ഓരോപേരെടുത്തു പറഞ്ഞു കേണു. ആരും കൂട്ടാക്കിയില്ല.  അവർ ചാക്കിലാക്കിയ പട്ടിയുടെ ദയനീയമായ കുര യായ് മാത്രം  അതിനെ കണ്ടു. ഈ സമയം ഒതളമരത്തിന്റെ തടി ചീന്തൽ ആർഭാടപരമായി നടന്നു. അറുക്കവാൾ മുതൽ കോടാലി വരെ ആ തടിൽ ബലം പ്രയോഗിച്ചു.  ആ സ്നേഹിതൻ  ഉറ്റ സുഹൃത്ത് നിലംപതിച്ചു.  ജനം അടങ്ങിയില്ല മണ്ണുവെട്ടി അവർ അടിവേരുമാന്തി.  നിലംതരിശ്ശായി..  ഒരി ലപോലും എന്റെ മുറ്റത്ത് കണ്ടേക്കരുത്. മേരിചേച്ചി താക്കീതുകൊടുത്തു. സൂര്യന്റെ ഇളം ചൂട് മൂക്കുന്നതുവരെ എല്ലാവരും അവിടവിടെ  ചുറ്റിപറ്റിനിന്നു. തിളച്ചപ്പോൾ അവരവരുടെ കൂരയിലേക്ക് പോയി. .നേരം ഇരുട്ടുന്നതുവരെ ആ പരിസരത്ത് നിശബ്ദത തങ്ങി.  ജെയിംസിന്റെ വീടുമാത്രം ഒരു മരണ വീടുപോലെ തേങ്ങി. അന്തി കുറേ എറിയാണ് ജെയിംസ് അന്ന് കൂരയിലെ ത്തിയേ.  അയാളുടെ കണ്ണുകൾ നന്നേ ചെമന്നിരുന്നു. വായിൽ കള്ള് നാറു ന്നുണ്ടായിരുന്നു. മേരി ഭക്ഷണം വിളമ്പി. അയാൾ ഗൗനിച്ചില്ല.  മൊന്തയി ലിരുന്ന വെള്ളവുമെടുത്തയാൾ ഒദള ചുവട്ടിലേക്ക് നടന്നു.  കൃത്യസ്ഥല

ത്തുന്നു നിന്നു. മണ്ണുവെട്ടി കിളച്ചിട്ടിരിക്കുന്നു. അല്പം മാറി കൂട്ടുകാരന്റെ ചേതനയറ്റശരീരത്തിൽ നിന്ന് രക്തത്തിന്റെ രൂക്ഷമായ ഗന്ധം തിരയടിക്കുന്നു. ഒരു കുറ്റിപോലും ബാക്കിവെച്ചില്ല. നായിന്റെ മക്കൾ അയാൾ തലവഴി വെള്ളം കുത്തി കണ്ണുപൊത്തിപ്പിടിച്ചു കരഞ്ഞു. മേരി കൂടെ ഉണ്ടായിരുന്നു. അവളും കരഞ്ഞുപോയി. അങ്ങനെ എന്നെ തോപ്പിക്കാനാവില്ല. അയാൾ മനസ്സ് കല്ലാക്കി പറഞ്ഞു. ശേഷം തിരഞ്ഞു. എവിടെ... എവിടെ... എവിടെയത്... ഇവിടെയെവിടെയെങ്കിലും ഉണ്ടാകുല്ലേ. എവിടെ... എവിടെ അത്. അതു ഞാൻ നേരത്തേ എടു ത്തിരുന്നു. താഴെ വീണിരുന്ന മൊന്ത ഉയർത്തി മേരി പറഞ്ഞു. എന്നാൽ ജെയിംസ് അത് ശ്രദ്ധിച്ചില്ല. അയാൾ വീണ്ടും തിരഞ്ഞു. കണ്ണുകാണാതെ ഇരുട്ടിൽ അയാൾ കയ്യിട്ടടിച്ചു. മുന്നോട്ടും പിന്നോട്ടും കുറേ തപ്പി. അവസാനം കൈവക്കിൽ ഒരു തണ്ണിക്ക തടഞ്ഞു. ഇപ്പോപെറ്റിട്ട ഒരു കുഞ്ഞിനെ എന്നപോലെ ജെയിംസ് അതിനെ താലോലിച്ച് വീടിന്റെ വെളിച്ചത്തോട്ട് നടന്നു. മേരിക്കൊന്നും മനസ്സിലാവുന്നില്ല. അവളനുഗമിച്ചു. കള്ളക്കൂട്ടങ്ങൾ നന്ദിയില്ലാത്ത വർഗ്ഗം. എന്റെ പറമ്പല്ലാണ്ടായിപ്പോയി. അവന് നന്നേ നൊന്തുകാണണം. പട്ടികള്, ഇനി ഈ പറമ്പിൽ കയറി എന്നാ കാണിക്കുമെന്ന് ഞാൻ നോക്കട്ടെ. എന്നെ തോപ്പിക്കാൻ നോക്കുന്നോ. അയാൾ മനസ്സിലോർത്തു കൂട്ടി. പുലമ്പിക്കൊണ്ട് വീടിനു ചേർന്ന് മുല്ലയോടരിക് മാറി അയാൾ കൈകുത്തി കുഴിയെടുത്തു. ശേഷം തണ്ണിക്കായിൽ മുത്തം വെച്ച് കുഴിയിലിട്ടു പറഞ്ഞു. നീ ഇവിടെ വളരും. ഒരു പട്ടിയും ചോദിക്കാൻ വരത്തില്ല. ഇതെന്റെ പറമ്പാ. പിന്നെ കുഴി മൂടി കാലൊന്നു നിവർത്തി അയാൾ നിശ്വസിച്ചു. പതുക്കെ പറഞ്ഞു. ഇതെന്റെ പറമ്പാ, എന്റെ പറമ്പ്. അപ്പോൾ അയാളുടെ കണ്ണുകൾ ചുരുങ്ങിയിരുന്നു. അയാൾ വികാരാധീനനായി. കൈകുത്തി മണ്ണിലിരുന്നു. ചുണ്ട നക്കി എന്തോ പറയുന്നുണ്ടായിരുന്നു. ശേഷം അവിടെ തന്നെ കിടന്നു. മേരി വളരെ വിചിത്രമായി ആ കാഴ്ച കണ്ടിരുന്നു. കുറേ നേരം അങ്ങനെ നോക്കി നിന്നു. അയാൾ പൊങ്ങുന്ന ലക്ഷണമില്ല. മേരിക്ക് നല്ല ക്ഷീണമുണ്ട്, ഒന്ന് കെടന്നാകൊള്ളാമെന്നുണ്ട്. പ്രായമായ സ്ത്രീയല്ലേ. പക്ഷേ തന്റെ കണവനെ ഇട്ടിട്ടുപോകാൻ പറ്റുമോ. അവൾ ജെയിംസന്റെ് അടുത്തേക്ക് ചെന്നു. മനുഷ്യാ എണീക്ക്, മനുഷ്യാ വാ നമുക്ക് കെടക്കാം. അയാൾ പ്രതികരിക്കുന്നില്ല. മേരിയുടെ കുലുക്കങ്ങൾക്കൊന്നും. അയാളുടെ വികാരനിദ്രയെ ഉണർത്താനുള്ള ശക്തിയില്ലായിരുന്നു. അവൾക്ക് ആ മഞ്ഞത്ത് നിൽക്കാനും, ഒരു കൈ സഹായത്തിന് ആരെയും വിളിക്കാനും അവൾക്ക് തോന്നിയില്ല. ആളുകള് കളിയാക്കി ചിരിക്കും. ന്നാ... അവിടെ കിടക്കട്ടെ. കൈയ്യിലെ മൊന്ത തിണ്ണയിൽ വെച്ച് അവൾ ദേഷ്യം തീർത്തു. കളളെറങ്ങുമ്പോൾ ഞാനും വെച്ചിട്ടുണ്ട്. അവൾ അകത്തു കേറി ഒരു പഴയപുതപ്പെടുത്ത് തിരിച്ചുവന്നു. എനിക്കൊട്ടും വയ്യ മനുഷ്യാ, നിങ്ങളിന്ന് വരുന്നില്ലല്ലോ. എന്നാ അവിടെ കെട... ഞാൻ പോകുവാ. പൊതപ്പും വിരിച്ച് കതകും ചാരി മേരി അകത്തോട്ട് പോയി. ശരിക്കും അവൾ പറഞ്ഞതൊന്നും

അയാൾ കേട്ടിട്ടില്ലാ എന്നത് അവൾക്ക് ഉറപ്പായിരുന്നു എങ്കിലും, ഒരനുവാദം എന്ന നിലയിലവൾ അങ്ങനെ ചോദിച്ചത്. വലപ്പണിക്ക് കടപ്പുറത്ത് പോയൽ രാത്രി എറിയാൽ അവിടെ തന്നെയായിരുന്നു. ജെയിംസിന്റെ അന്തി ഉറക്കം, അഥവ വീട്ടിൽ വന്നാൽ തന്നെ. കതക് കുറ്റിയിട്ടിരിക്കുവാണേ മിറ്റത്ത് തന്നെയാണ്. തുറന്ന് കേറുവാൻ പോലും അയാൾ ശ്രമിച്ചിരുന്നില്ല. മുല്ല ക്കടുത്തോ ഒതളങ്ങാ ചോട്ടിലോ പോയി കെടന്നുറങ്ങും. അതും മേരിക്ക് അറിയാവുന്നതല്ലേ. കൂടാതെ വസ്ത്രമെല്ലാം മുഷിഞ്ഞിരിക്കുകയല്ലേ. ഒപ്പം പൂത്ത കള്ളും. കെട്ടൊന്നെറങ്ങട്ടെയെന്ന് മേരി വിചാരിച്ചു. അവൾ പോയി കെടന്നുറങ്ങി. ചുറ്റുവട്ടത്തുള്ള നാട്ടുകാരെല്ലാം അന്ന് കൂർക്കംവലിച്ചുറങ്ങി. രാത്രിയുടെ നിശബ്ദതയിൽ പോലും ഒരാന്ദം തെളിഞ്ഞു നിന്നു. അയാൾ മാത്രം ജീവശവമായ് മണ്ണു പറ്റി കിടന്നു. കണ്ണീന്ന് കണ്ണീരും മൂക്കീന്ന് മൂക്കളയും വായിൽ നിന്ന് ഈന്തയും ഒഴുകി കൂടി കലർന്ന് ഒരു മിശ്രിതമായി ഒതളം മൂടിയ മണ്ണിനെ ചുംബിച്ചോണ്ടിരുന്നു. ഒരമ്മ കുഞ്ഞിനെ മുലയൂട്ടും പോലെ. ഒന്നൊഴികെ ഒന്നും നിശ്ചലമായിരുന്നില്ല. എല്ലാം ചലിച്ചുകൊണ്ടേയിരുന്നു. വെണ്ണിലാവ് പെയ്യിച്ചു ചന്ദ്രൻ വടക്കുനിന്ന് കിഴക്കോട്ട് നടന്നുകൊണ്ടേയിരുന്നു. മുക്കുവർ കടലിൽ പോകുന്ന മട്ടായി. ആദ്യം കണ്ടതവരായിരുന്നു. മുല്ലപ്പൂവിന്റെ വശ്യതയായിരുന്നു അവരെ അവിടെ എത്തിച്ചേ. ആ ഗന്ധം പേറി മുന്നോട്ട് നടന്ന മുക്കുവർ കനത്തിലെന്തോ തട്ടിനിന്നു. പട്ടിയോ....പേടിച്ചൊരാൾ കടലിലടിക്കണ ടോറച്ചെടുത്ത് താഴേക്ക് വീശി. ഹാ.. ഇത് നമ്മുടെ വട്ടൻ ജെയിംസല്ലേ. ഇവനെന്നാ പെമ്പെറന്നോത്തി തത്താത്താക്കിയേ..... പൊറത്താക്കിയേ ഹഹഹാ......... അവർ കൂടി ചിരിച്ചു. ഒരാൾ കുത്തിയിരുന്നു അവനെ തട്ടി വിളിച്ചു. ഡാ ജെയിംസെ.. ഡാ.... എഡാ നേരം വെളുത്തടാ... ഡാ... ഞങ്ങൾ തിട്ട തപ്പാൻ പോവാ നീ വരണ ഉം.... അവൻ എണ്ണിക്കണ മട്ടില്ലല്ലോ. വേറൊരുത്തൻ ഉരുവിട്ടു. ഹ... കള പുല്ല് നമ്മക്ക് പോകാം. വെറുതെ സമയം കളയാൻ, എല്ലാവർക്കും ധൃതിയായി അവർ വേച്ചു നടന്നു. സമയം കൂറേ അങ്ങനെ പോയി. സൂര്യൻ കണ്ണു പിടിച്ച് വന്നപ്പോൾ മേരി ഉണർന്നു. അവൾ മൊന്തയിൽ വെള്ളവുമായി ജെയിംസിനടുത്തേക്ക് നടന്നു. അയാൾ അപ്പോഴും കിടപ്പുതന്നെ. അവൾ കൂടുതൽ ശക്തിയിൽ തട്ടി വിളിച്ചു. മനുഷ്യാ എണീക്കണില്ലേ..... ഇന്ന് കടപ്പുറത്ത് പോണില്ലേ.... അയാൾക്ക് അനക്കമില്ല നിശ്ചലം തന്നെ. മേരിക്ക് ഭയമായി. അവൾ കൂടുതൽ ശക്തിയിൽ തട്ടി. ജെയിംസേ..... എടോ...ജെയിംസേ.... അവൾ നടുങ്ങിപ്പോയി. കയ്യിലിരുന്ന വെള്ളവും പാത്രവും താഴെ വീണു തെറിച്ചു. അയാൾ മരിച്ചു അല്ലേ. അയാൾ കൊല്ലപ്പെട്ടു. അതും അല്ല. അയാൾ തന്റെ ആത്മാർഥ സുഹൃത്തിന്റെ കൂടെ പോയി, അതേ അതാണ് ശരി. ആരെയും ഗൗനിക്കാതെ ആരോടും ഒന്നും പറയാതെ അയാൾ തന്റെ ആത്മസുഹൃത്തിന്റ കൂടെപോയി. ഒരു തിരിച്ചുവരവില്ലാത്ത യാത്രയിലേക്ക്, മേരിയുടെ കണ്ണ് നനക്കുന്ന യാത്രയിലേക്ക്.



# On Reading ‘ Mayyazhipuzhayude Theerangalil’

The book Mayyazhipuzhayude Theerangalil Authored by M Mukundan is a classic book which describes the lives of people living near the river Mayyazhi. Its main characters are Dasan, Korambiyamma, Lisi, Damu etc. It also includes Marxism as a backdrop. ‘Velliyankallu’ is a noted place in this book from where the lives originate. When a baby is born in Mayyazhi, a butterfly comes there and when somebody is dead, a butterfly goes back to the place from where it originated.

The story also shows French monopoly throughout and some of them were loyal to the natives. The complete story gives a sense of excitement for the readers. It gives us a chance to recognize the real life experience to be compared to ourselves before our independence. The story comprises all the feelings and emotions of people as it depicts the life story of the natives of Mayyazhi.

My favourite character in the story is Dasan, as he understands the situation when the French were ruling us here and he also sacrificed his education for reaching against the French atrocities.

Sana Sajan
I$^{st}$ B A English



# Horegallu : A Message in Itself


Horegallu by Sudha Murthy is actually an anecdote. In this anecdote she shares some of the moments from her childhood. The main highlight of the story is Horegalla which is a weight bearing stone in the middle of the village. Here Sudha Murthy shows people as horegallu which can bear weight of other's grief and sorrows. She shows two examples one is her grandfather and the other is her coileague Ratna.

Her Grandfather was a retired school master He used to sit with people around the Horegallu and he listened to others, so that they could get a small relief from their sorrows.

Also her colleague Ratna was working in a company . She used to spend her lunch time by talking to others. She listened to everyone's problem even if she couldn't solve. But atleast they get a relief.

And through this anecdote, Sudha Murthy tells us to become a Horegallu in other's life. Just listen to them. So they may feel calm and relaxed. And her examples here have never opened up the problems of others they have listened. As they did, we should also be a Horegallu in other's life to make them comfortable and relaxed.

Nandana K Rajesh
I st B A English





# 'Oliver Twist' – A memorable Novel

Oliver Twist, is a classic by Charles Dickens. The novel is about a poor boy who has no family, because his mother dies in childbirth in a Victorian workhouse. The work house owner Mr. Bumble named the baby Oliver Twist and the book is about his life and adventures. When he runs away from the workhouse, he meets a boy called Dodger who brings him to Fagin's house. He is an old man. There he meets some other homeless boys and Fagin offers him a place to stay. He teaches him to steal and things go wrong for Oliver from there. There is a really mean character, Fagin's friend called Bill Sikes and a very kind man called Mr.Brownlow. They are the completely opposite to each other and they have a big influence on his life and what eventually happens to him.

I really enjoyed this book because ther were lots of ups and downs, and unexpected things happen. It was full of excitement and suspense.

Priyadarsini K S
I st B A English




**Aparna (II B A English)**




**Aparna (II B A English)**

Bimonthly, Printed & Published by
Library, St. Michael's College, Cherthala for private circulation among students
Editor : Dr. Patricia Robin
Cover Page : Ms. Gowri S.